
# ഇസ്‌ലാമിക പരിഷ്കരണ പ്രവര്‍ത്തനങ്ങളുടെ രാഷ്ട്രീയം

അഭിമുഖം ● ഒലിവിയെ റോയ്



രാഷ്ട്രമീമാംസ ശാസ്ത്രജ്ഞനാണ് ഒലിവിയെ റോയ്. ഫ്‌ളോറന്‍സി(ഇറ്റലി)ലുള്ള യൂറോപ്യന്‍ യൂണിവേഴ്‌സിറ്റി ഇന്‍സ്റ്റിറ്റ്യൂട്ടില്‍ പ്രഫസറാണ്. ഫ്രഞ്ച് നാഷനല്‍ സെന്റര്‍ ഫോര്‍ സയന്റിഫിക് റിസര്‍ച്ചി(CNRS)ന്റെ ഡയറക്ടറായിരുന്നു. Secularism Confronts Islam, Globalized Islam, The Politics of Chaos in the Middle East, The Search for New Ummah, The Afghan-Pakistan Connection തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പുസ്തകങ്ങള്‍. 'യഥാര്‍ഥ വിശ്വാസി'യെന്ന സ്വത്വം നിലനിര്‍ത്തിക്കൊണ്ട് എങ്ങനെയാണ് മുസ്‌ലിം ബുദ്ധിജീവികള്‍ സെക്കുലര്‍ ലോകത്ത് മുസ്‌ലിംകള്‍ക്ക് ജീവിക്കാന്‍ വഴിയൊരുക്കുന്നതെന്നാണ് ഒലിവിയെ റോയ് പരിശോധിക്കുന്നത്. അവസാനമിറങ്ങിയ അദ്ദേഹത്തിന്റെ പുസ്തകമാണ് Globalized Islam. പുതിയ ആഗോളീകരണ പശ്ചാത്തലത്തില്‍ ഇസ്‌ലാമിന് സംഭവിക്കുന്ന രൂപമാറ്റങ്ങളെക്കുറിച്ചാണ് റോയ് അതില്‍ പറയുന്നത്. കഴിഞ്ഞ കാല്‍നൂറ്റാണ്ടായി ലോകത്തെ ഏറ്റവും വലിയ പ്രതിരോധ പ്രസ്ഥാനമായി, ഇസ്‌ലാമിന്റെ ആഗോളീകരിക്കപ്പെട്ട പ്രതിനിധാനത്തെയാണ് ഒലിവിയെ റോയ് എണ്ണുന്നത്. ഇംഗ്ലീഷില്‍ പുറത്തിറങ്ങാന്‍ പോകുന്ന അദ്ദേഹത്തിന്റെ പുസ്തകമായ 'Holy Ignorance. When Religion and Culture Diverge' ന്റെ പശ്ചാത്തലത്തില്‍ നടത്തിയ അഭിമുഖ സംഭാഷണമാണിത്.

**എറിന്‍ ഗുവെര്‍സിന്‍:** *ഭൂരിപക്ഷം സ്വിറ്റ്‌സര്‍ലണ്ടുകാരും പള്ളികളിലെ മിനാരങ്ങള്‍ നിരോധിക്കുന്നതിനനുകൂലമായി വോട്ടു ചെയ്തു; ഫ്രാന്‍സും ബെല്‍ജിയവും ശിരോവസ്ത്രം നിരോധിക്കുന്നതിനെക്കുറിച്ച ഗഹനമായ ചര്‍ച്ചയിലാണ്. ജര്‍മനിയിലും ഇസ്‌ലാമിനെക്കുറിച്ച ചര്‍ച്ചകള്‍ ഉന്മാദത്തിനരികില്‍ എത്തിയിരിക്കുന്നു. മതചിഹ്നങ്ങളെക്കുറിച്ചും 'വൈദേശികമത'ങ്ങളെക്കുറിച്ചും യൂറോപ്പുകാര്‍ ഇത്രമാത്രം മുന്‍ധാരണകള്‍ വെച്ചുപുലര്‍ത്തുന്നതെന്തുകൊണ്ടാണ്?*

**ഒലിവിയെ റോയ്:** കുടിയേറ്റപ്രശ്‌നങ്ങളില്‍ നിന്ന് കഴിഞ്ഞ ഇരുപത്തഞ്ച് വര്‍ഷമായി പ്രത്യക്ഷ ഇസ്‌ലാമികചിഹ്നങ്ങളിലേക്ക് യൂറോപ്പില്‍ നടക്കുന്ന ചര്‍ച്ചകള്‍ കേന്ദ്രീകരിച്ചിരിക്കുന്നു. കുടിയേറ്റക്കാരുടെ രണ്ടും മൂന്നും തലമുറകള്‍ യൂറോപ്പില്‍ ജീവിതം ആരംഭിക്കുകയും ഇസ്‌ലാം യൂറോപ്പില്‍ വേരുറപ്പിക്കുകയും ചെയ്തിരിക്കുന്നുവെന്ന് കുടിയേറ്റത്തെ എതിര്‍ക്കുന്നവര്‍ പോലും അംഗീകരിക്കുന്നു എന്നാണിതിനര്‍ഥം. അങ്ങനെ ചര്‍ച്ചകള്‍ അസാധാരണമായ തലത്തിലേക്ക് മാറുന്നു. കുടിയേറ്റ വിരുദ്ധ പ്രക്ഷോഭങ്ങള്‍ പ്രാഥമികമായി വലത് യാഥാസ്ഥിതിക വിഭാഗവുമായി ബന്ധപ്പെട്ടാണ്. കാരണങ്ങള്‍ വ്യത്യസ്ഥമാണെങ്കിലും ഇസ്‌ലാം ഇപ്പോള്‍ വലത്-ഇടത് വിഭാഗങ്ങളുടെ നിരന്തര ആക്രമണത്തിന് വിധേയമാകുന്നു. യൂറോപ്പ് ക്രിസ്ത്യാനികളുടേതാണെന്ന് വലതുപക്ഷം വിചാരിക്കുന്നു, തങ്ങളുടേതൊരു രണ്ടാംകിട മതമാണെന്ന ബോധ്യത്തോടെ മുസ്‌ലിംകള്‍ ക്രിസ്തുമതവുമായി സഹിഷ്ണുതയോടെ വര്‍ത്തിക്കണം. ഭരണഘടനയിലെ മതസ്വാതന്ത്ര്യതത്ത്വങ്ങള്‍ ഇസ്‌ലാമിനെ നിരോധിക്കുന്നത് തടയുമ്പോള്‍ തന്നെ പൊതുസമൂഹത്തില്‍ അതിന്റെ പ്രത്യക്ഷപ്പെടല്‍ പരമാവധി പരിമിതപ്പെടുത്താന്‍ യൂറോപ്പ് ശ്രമിക്കുന്നു. യൂറോപ്യന്‍ മനുഷ്യാവകാശ കോടതി ഫ്രാന്‍സില്‍ ശിരോവസ്ത്രം നിരോധിക്കാനുള്ള നീക്കത്തിനെതിരെയുള്ള ഒരു നടപടിയും ഇതുവരെ എടുത്തിട്ടി

ല്ലന്നത് ഇതിനൊരുദാഹരണമാണ്.

ഇടതുപക്ഷം മതേതരത്വത്തിനും സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും വേണ്ടി വാദിക്കുന്നു. മൗലികവാദത്തിനെതിരാണവർ. ഇടതുപക്ഷം മുഖാവരണത്തെ എതിർക്കുന്നത് അത് ഇസ്‌ലാമികമായതുകൊണ്ടല്ല, മറിച്ച് സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് വിലങ്ങുതടിയായതുകൊണ്ടാണ്. അതിനാൽ ഇസ്‌ലാമിനെ കുറിച്ച ചർച്ചകൾ കൂടുതൽ കൂടുതൽ സങ്കീർണമായിക്കൊണ്ടിരിക്കുന്നു. യൂറോപ്യൻ സ്വത്വത്തെക്കുറിച്ച ചോദ്യങ്ങൾ, യൂറോപ്യൻ സമൂഹത്തിൽ മതത്തിന്റെ പങ്ക് ഈ വിഷയങ്ങളിൽ ഇടത്-വലതുപക്ഷങ്ങൾക്ക് വ്യത്യസ്തമായ നിലപാടുകളാണെങ്കിലും രണ്ട് സമീപനങ്ങളെയും സംയോജിപ്പിക്കുന്ന പുതിയ ജനകീയ മുന്നേറ്റങ്ങളുടെ ഉദയം നമുക്ക് കാണാൻ കഴിയും (നെതർലാന്റ്സിലെ Geert Wilders ന്റെ Party for freedom പോലെയുള്ള പ്രസ്ഥാനങ്ങൾ).

**എറിൻ ഗുവെർസിൻ:** *നിങ്ങളുടെ പുസ്തകത്തിൽ മതമൗലികവാദ വിഭാഗങ്ങളായ അൽഖാഇദ മുതലായ പ്രസ്ഥാനങ്ങൾക്ക് ഇസ്‌ലാമിക പാരമ്പര്യവുമായി യാതൊരു ബന്ധവുമില്ലെന്ന് പറയുന്നു. എന്നാൽ യൂറോപ്പ് വിചാരിക്കുന്നത് ഈ മൗലികവാദ ദർശനങ്ങൾ ഊർജം സ്വീകരിക്കുന്നത് ഇസ്‌ലാമിക പാരമ്പര്യചിന്തകളിൽ നിന്നാണെന്നാണ്. നിങ്ങൾ എങ്ങനെ ഈ വൈരുധ്യങ്ങളെ വിശദീകരിക്കുന്നു?*

**ഒലിവിയെ റോയ്:** അൽഖാഇദ നടത്തുന്ന പോലുള്ള തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഇസ്‌ലാമിക ചരിത്രവുമായോ ക്രിസ്ത്യൻ ചരിത്രവുമായോ യാതൊരു ബന്ധവുമില്ല. ഇത് പൂർണമായും പുതിയൊരു പ്രതിഭാസമാണ്. അവരുടെ ആവിഷ്കാരങ്ങൾ നോക്കൂ- ആത്മഹത്യാ ബോംബുകൾ, ബന്ദികളെ വധിക്കൽ, സാധാരണ ജനങ്ങളെ ഉന്നംവെക്കൽ, ഇത്തരം വിധ്വംസക പ്രവർത്തനങ്ങൾ അൽഖാഇദക്ക് മുമ്പ് മറ്റു ചില സംഘങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് തമിഴ്പുലികൾ ചാവേറുകളെ തങ്ങളുടെ ശത്രുക്കൾക്കെതിരെ ഉപയോഗിക്കാറുണ്ട്. 1980 ആഗസ്റ്റിലുണ്ടായ ബൊളോന (Bologna) ബോംബിംഗിന് ഉത്തരവാദികൾ ഇറ്റലിയിലെ തീവ്രവലതുപക്ഷക്കാരായിരുന്നു. ഇപ്പോൾ തടവുകാരെ കൊലപ്പെടുത്തുന്നതിന് മുമ്പ് വീഡിയോയിൽ അവരുടെ ദൃശ്യങ്ങൾ കാണിക്കുന്നത് ആൽദോ മോറോയെ[1](Aldo Moro)യെ റെഡ് ബ്രിഗേഡ് കൊലപ്പെടുത്തിയതിന്റെ പുനരാവിഷ്കാരം മാത്രമാണ്. സംഘടനയുടെ വലിയ അക്ഷരത്തിലെഴുതിയ തലക്കെട്ടും ലോഗോയും പശ്ചാത്തലമാക്കി, കൈകൾ വിലങ്ങുവെച്ച്, കണ്ണുകൾ കെട്ടി, അവരുടേതായ വിചാരണ നടത്തി കുറ്റം വായിച്ച് വധശിക്ഷ നടപ്പിലാക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പ്രഖ്യാപിത ശത്രുവായ അൽഖാഇദയുടെ പ്രവർത്തനരീതിയും സംഘാടനവും വിദ്യാസമ്പന്നരായ യുവാക്കളെ സംഘടനയിലേക്ക് ആകർഷിക്കുന്നു. അല്ലെങ്കിൽ പാശ്ചാത്യരായ, വിദ്യാഭ്യാസമുള്ള യുവാക്കളെ ഇസ്‌ലാമിലേക്ക് മതപരിവർത്തനം ചെയ്യിപ്പിക്കുന്നു- ഇതെല്ലാം തെളിയിക്കുന്നത് അൽഖാഇദ പാരമ്പര്യ ഇസ്‌ലാമിന്റെയോ എന്തിന് ഫണ്ടമെന്റലിസ്റ്റ് ഇസ്‌ലാമിന്റെയോ ആവിഷ്കാരമല്ലെന്നാണ്; പാശ്ചാത്യ വിപ്ലവപ്രത്യയശാസ്ത്ര മേലങ്കിയണിഞ്ഞ പുതിയ ഇസ്‌ലാമിന്റെ പ്രകാശനമാണിത്.

**എറിൻ ഗുവെർസിൻ:** *റാഡിക്കൽ പ്രസ്ഥാനങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും വിജയത്തെ താങ്കളെങ്ങനെ നോക്കിക്കാണുന്നു? ദാരിദ്ര്യവുമായോ സമൂഹപൊതുമണ്ഡലത്തിൽ നിന്ന് മാറ്റിനിർത്തപ്പെടുന്നതുമായോ ഇതിനെന്തെങ്കിലും ബന്ധമുണ്ടോ?*

**ഒലിവിയെ റോയ്:** ഇല്ല. ഒരു പഠനവും ദാരിദ്ര്യവും റാഡിക്കലിസവും തമ്മിലുള്ള ബന്ധം തെളിയിച്ചിട്ടില്ല. ബംഗ്ലാദേശികളേക്കാൾ എത്രയോ അധികമാണ് റാഡിക്കൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലുള്ള സുഊദി പൗരന്മാർ. തീവ്രവാദപ്രവർത്തനങ്ങളിൽ ബംഗ്ലാദേശികൾ ഇല്ലെന്നു തന്നെ പറയാം. ഇപ്പോൾ നടക്കുന്ന സമരങ്ങൾ മൂന്നാം ലോകരാജ്യങ്ങളെ കേന്ദ്രീകരിച്ച അധിനിവേശവിരുദ്ധ പ്രസ്ഥാനങ്ങളും പടിഞ്ഞാറും- പ്രത്യേകിച്ച് അമേരിക്കയും- തമ്മിൽ നടന്നിരുന്ന പഴയ പോരാട്ടങ്ങളുടെ തുടർച്ചയാണെന്നാണ് എനിക്ക് തോന്നുന്നത്. ബിൻ ലാദിൻ മതത്തെക്കുറിച്ച് താരതമ്യേന വളരെക്കുറച്ച് മാത്രമേ സംസാരിക്കുന്നുള്ളൂ, എന്നാൽ ചെഗുവേരയെക്കുറിച്ചും കാലാവസ്ഥ മാറ്റത്തെക്കുറിച്ചും അധിനിവേശത്തെക്കുറിച്ചും ധാരാളം സംസാരിക്കുന്നു. അൽഖാഇദ കൃത്യമായും ഇപ്പോൾ പൊട്ടിമുളച്ച പുതുതലമുറ പ്രസ്ഥാനമാണ്(generational movement); കുടുംബങ്ങളിൽ നിന്നും തങ്ങളുടെ സാമൂഹിക ചുറ്റുപാടുകളിൽ നിന്നും അകലം പാലിക്കുന്ന തങ്ങളുടെ രാജ്യത്തോട് പ്രത്യേക താൽപര്യം പ്രകടിപ്പിക്കാത്ത ചെറുപ്പക്കാരാൽ പ്രവർത്തിക്കുന്ന സംഘടന. ആ സംഘടനയിലുള്ള ഇസ്‌ലാം സ്വീകരിച്ച ആളുകളുടെ എണ്ണം നമ്മെ അതിശയപ്പെടുത്തും. ഇത് അംഗീ

കരിക്കപ്പെട്ട സത്യമാണെങ്കിലും വേണ്ടത്ര ശ്രദ്ധ ഈ വിഷയത്തിൽ ആരും കാണിച്ചിട്ടുമില്ല. മുപ്പതു വർഷം മുമ്പായിരുന്നെങ്കിൽ വിപ്ലവബോധമുള്ള ചെറുപ്പക്കാരൻ റെഡ് ആർമി ഫാക്ഷനിലോ റെഡ് ബ്രിഗേഡിലോ ചേരുമായിരുന്നു. പക്ഷേ ഇന്നാണെങ്കിൽ ഇത്തരം ചെറുപ്പക്കാർ തെരഞ്ഞെടുക്കുന്നത് അധിനിവേശ വിരുദ്ധ പോരാട്ട മാർക്കറ്റിൽ ഏറ്റവും നേട്ടങ്ങൾ കൈവരിച്ച സംഘമായ അൽഖാഇദയെയാണ്. നീതിയിലധിഷ്ഠിതമായ നവലോകക്രമത്തിന് വേണ്ടി ഒരിക്കൽ പോരാടിയ പശ്ചാത്യ വിപ്ലവ മില്ലേനറിയനിസത്തിലാണ്[2](millenarianism) അവരുടെ വേരുകൾ ഇപ്പോഴും.

**എറിൻ ഗുവെർസിൻ:** *യൂറോപ്യൻ സംസ്കാരം അടിസ്ഥാനപരമായി ക്രിസ്ത്യൻ സംസ്കാരമാണെന്നും അതിനാൽ ഇസ്ലാമുമായി ബന്ധപ്പെട്ടതെല്ലാം പ്രശ്നവത്കരിക്കപ്പെട്ടതാണെന്നും അവ യൂറോപ്പിന് അന്യമാണെന്നും ചിലർ പറയുന്നു, എന്താണ് താങ്കളുടെ അഭിപ്രായം?*

**ഒലിവിയെ റോയ്:** പോപ്പ് ബെനഡിക്ടിന്റെ വാക്കുകൾ ആവർത്തിക്കുകയാണവർ ചെയ്യുന്നത്. അദ്ദേഹത്തിന് മുമ്പ് ജോൺ പോൾ രണ്ടാമനും ഇതേ അഭിപ്രായമായിരുന്നു– യൂറോപ്പ് അതിന്റെ ക്രിസ്ത്യൻ വേരുകൾ അവഗണിക്കുന്നതിനും ഉപേക്ഷിക്കുന്നതിനുമെതിരെ കർശനമായ താക്കീത് ഇവരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ട്. ലൈംഗിക സ്വാതന്ത്ര്യം, സ്വവർഗരതി, ഗർഭഛിദ്രം എന്നീ തർക്കവിഷയങ്ങളിൽ യൂറോപ്യരും മുസ്ലിംകളും തമ്മിൽ അഭിപ്രായവ്യത്യാസങ്ങളൊന്നുമില്ല. എന്നാൽ സെക്യുലരിസ്റ്റുകളും– ഇവർ മുസ്ലിംകളിലുമുണ്ടാകാം– കാത്തോലിക്കരിലും മുസ്ലിംകളിലും ഓർത്തഡോക്സ് ജൂതന്മാരിലെയും യഥാസ്ഥിതിക വിശ്വാസികളും തമ്മിൽ സംഘർഷങ്ങളുണ്ടാകുന്നു. യൂറോപ്പ് അതിന്റെ സംസ്കാരത്തെച്ചൊല്ലി ആഴത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. സെക്യുലരിസ്റ്റുകൾ വിശ്വസിക്കുന്നു, ആധുനിക യൂറോപ്പിന്റെ പിറവിക്ക് കാരണം ജ്ഞാനോദയമാണെന്നാണ്. എന്നാൽ ജ്ഞാനോദയം കമ്യൂണിസത്തിനും നിരീശ്വരവാദത്തിനും എന്തിന് സാസിസത്തിനും വരെ പിറവി നൽകിയിട്ടുണ്ടെന്ന് ചില ക്രിസ്ത്യൻ ഓറിയന്റഡ് വിഭാഗങ്ങൾ വിശ്വസിക്കുന്നു.

**എറിൻ ഗുവെർസിൻ:** *ഇസ്ലാമോഫോബിയ ഒരു യൂറോപ്യൻ യഥാർഥ്യമായി മാറുന്നതിൽ എന്തെങ്കിലും അപകടമുണ്ടോ?*

**ഒലിവിയെ റോയ്:** എങ്ങനെയാണ് നാം ഇസ്ലാമോഫോബിയയെ നിർവചിക്കുക എന്നതാണ് പ്രസക്തമായ ചോദ്യം. ഇത് വംശീയതയുടെ മറ്റൊരു രൂപമല്ലേ? അവരുടെ മതപരമായ നിലപാട് എന്ത് തന്നെയായിരുന്നാലും മുസ്ലിം പേരുകളുള്ള വ്യക്തികളുടെ നേർക്ക് പ്രകടിപ്പിക്കുന്ന വംശീയത. അതോ ഇവരുടെ നിലപാട് മതത്തെ തള്ളിക്കളയുന്നതാണോ? ശിരോ വസ്ത്രത്തിന് എതിരായ തീവ്രവാദികളായ വംശീയ വിരുദ്ധരുണ്ട് – ഫെമിനിസ്റ്റുകൾക്കിടയിൽ. അതുപോലെ മുസ്ലിംകൾ അടിസ്ഥാനപരമായിത്തന്നെ വ്യത്യസ്തരായതിനാൽ ശിരോവസ്ത്രം യൂറോപ്പിൽ അനുചിതമാണെന്ന് വാദിക്കുന്ന വംശീയവാദികളുമുണ്ട്. ഇവർക്കിത് ഇത്ര അസഹ്യമാവാൻ കാരണം വംശീയതയും മതവും തമ്മിലുള്ള വേർതിരിവ് മനസ്സിലാക്കാൻ കഴിയാത്തതാണ്. തീർച്ചയായും മഹാഭൂരിപക്ഷം വരുന്ന യൂറോപ്യൻ മുസ്ലിംകളും വ്യത്യസ്തമായ സാംസ്കാരിക പരിസരത്തു നിന്ന് വരുന്നവരാണ്. സാംസ്കാരിക പശ്ചാത്തലവും മതവും തമ്മിലുള്ള ബന്ധം യൂറോപ്യർ ഇസ്ലാമിലേക്കും മുസ്ലിംകൾ ക്രിസ്തുമതത്തിലേക്കും മതം മാറുന്നതോടുകൂടി ഇല്ലാതാകുന്നു. നിരീശ്വരവാദികളായ 'അറബി'കളും 'തുർക്കി'കളും ഉണ്ട്, അതിലും വളരെയധികം മുസ്ലിംകൾ തങ്ങൾ വിശ്വാസിസമൂഹമാണെന്ന് തുറന്ന് പറയുന്നുണ്ട്. പക്ഷേ, ഒരിക്കലും അവർ യുറോപ്യേതര സാംസ്കാരിക സമൂഹമായി മാറുന്നില്ല. വംശീയ സമൂഹങ്ങളും വിശ്വാസി സമൂഹങ്ങളും തമ്മിലുള്ള വ്യത്യാസം വ്യക്തമായി തന്നെ നാം അറിയണം, കാരണം ഈ രണ്ട് സവിശേഷ പ്രശ്നങ്ങളെയും വ്യത്യസ്ത മാർഗങ്ങളിലൂടെയാണ് സമീപിക്കേണ്ടത്.

**എറിൻ ഗുവെർസിൻ:** *എങ്ങനെയാണ് തങ്ങളുടെ സാംസ്കാരിക പരിസരത്തുനിന്ന് മാറി പ്രവർത്തിക്കുന്ന ഇത്തരം ലോകവ്യാപക(globalized) മതങ്ങളോട് രാഷ്ട്രീയം ഇടപെടേണ്ടത്?*

**ഒലിവിയെ റോയ്:** എനിക്ക് കൃത്യമായി അറിയാം, സ്ഥാപനവത്കരിക്കപ്പെട്ട കത്തോലിക്കാ ചർച്ചിനെക്കാളും ഈ മതങ്ങളാണ് വർത്തമാനകാലത്തിൽ വിജയിച്ചുകൊണ്ടിരിക്കുന്നതെന്ന്. ഈ മതങ്ങളോടുള്ള സംഘർഷം ബുദ്ധിപരമായ തെരഞ്ഞെടുപ്പല്ല, പ്രത്യേകിച്ചും ഭരണഘടനയിൽ മത സ്വാതന്ത്ര്യം എഴുതിവെച്ചിട്ടുള്ള രാജ്യങ്ങൾക്ക്. പകരം സമ്പൂർണ മതസമത്വം നൽകിക്കൊണ്ട് ചർച്ചും

സ്റ്റേറ്റും തമ്മിലുള്ള വിഭജനം ശക്തിപ്പെടുത്തണം. ഇത് മതകീയമായ ബഹുസാംസ്കാരിക കാഴ്ചപ്പാടിൽ നിന്നുകൊണ്ടാവരുത്, മറിച്ച് നിലവിലുള്ള നിയമങ്ങളുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് നിഷ്പക്ഷവും സ്പഷ്ടവുമായി മതസ്വാതന്ത്ര്യത്തെ നിർവചിച്ച് ഏതൊരു വിശ്വാസ സമൂഹത്തിനും അവരുടെ ആചാരങ്ങൾ സ്വതന്ത്രമായി ചെയ്യാനുള്ള വേദിയൊരുക്കിക്കൊടുത്തുകൊണ്ടാവണം.

**എറിൻ ഗുവെർസിൻ:** *മാധ്യമങ്ങൾ 'റാഡിക്കൽ' വിപരീതം 'രാഷ്ട്രീയ' ഇസ്‌ലാം എന്ന ഭാഷാഭേദങ്ങൾ നിരന്തരം ഉരുവിടുന്നു. ഇത്തരം സംജ്ഞകളെപ്പറ്റിയും ഇത് സമൂഹത്തിന് പകർന്നു നൽകുന്ന മൂല്യവിചാരണയെ (value judgem-ent)പ്പറ്റിയും താങ്കളുടെ അഭിപ്രായം?*

**ഒലിവിയെ റോയ്:** ഒരു വിശ്വാസി താൻ വിശ്വസിക്കുന്ന മതത്തിന് 'ലിബറൽ' വ്യാഖ്യാനങ്ങൾ നൽകിയതുകൊണ്ട് ഒരു നല്ല പൗരനാകുമെന്ന് ഞാൻ ചിന്തിക്കുന്നില്ല. ഇസ്‌ലാമിക 'നവോത്ഥാനപരിശ്രമങ്ങൾ'(reformation)ക്ക് വേണ്ടിയുള്ള ആഹ്വാനം എനിക്കത്ര ദഹിക്കുന്നില്ല. മുസ്‌ലിം ലൂതർ[3]ക്ക് വേണ്ടി മുറവിളികൂട്ടുന്നവർ ലൂതറെ ഒരിക്കലും വായിച്ചിട്ടില്ല. അവർ ഒരിക്കലും ലിബറൽ ആയിരിക്കുകയില്ല, കൂടാതെ അയാൾ ഉറച്ച സെമിറ്റിക് വിരുദ്ധനുമായിരിക്കും. പടിഞ്ഞാറൻ സാഹചര്യങ്ങൾക്ക് അനുരൂപമായി മുസ്‌ലിംകളെ പരുവപ്പെടുത്തുന്നത് അവരുടെ മതവുമായുള്ള നൈസർഗികബന്ധം നഷ്ടപ്പെടുത്തും. പശ്ചാത്യ സാഹചര്യങ്ങളുമായി ഒരു മുസ്‌ലിം താദാത്മ്യപ്പെടുക എന്നത് ദൈവശാസ്ത്രവുമായി ബന്ധപ്പെട്ട ഒന്നല്ല, അത് വ്യക്തിയുടെ അനുഷ്ഠാനവും സാഹചര്യങ്ങളുമായി മുസ്‌ലിംകൾ നടത്തുന്ന ഇടപാടുകളിലൂടെ ഉണ്ടാകുന്നതാണ്. അവർ പാശ്ചാത്യ സാഹചര്യങ്ങളുമായി തങ്ങളുടെ പ്രവർത്തനങ്ങളെ വിളക്കിച്ചേർക്കാൻ ശ്രമിക്കുന്നു. അതിനു വേണ്ട ആയുധങ്ങൾ ആചാരങ്ങളിൽ തന്നെ ഉണ്ടാക്കുന്നു. വിദൂരഭാവിയിൽ മതനവീകരണമായി ഈ പ്രവർത്തനങ്ങൾ വിവർത്തനം ചെയ്യപ്പെട്ടേക്കാമെങ്കിലും ആധുനികതയുമായി ബന്ധപ്പെട്ട ലിബറൽ ദൈവശാസ്ത്രവുമായി ഇതിന് യാതൊരു ബന്ധവുമില്ല. ലിബറൽ ആധുനികതയുമായി ഇതിന് ബന്ധമുണ്ട് എന്ന് പറയണമെങ്കിൽ ചരിത്രത്തെ വളച്ചൊടിക്കണം, അല്ലെങ്കിൽ ആഗ്രഹചിന്തകളിൽ അഭിരമിക്കുക. ■

വിവ: **ഉബൈദുർറഹ്മാൻ**

**1. ആൽദോ മോറോ, റെഡ് ബ്രിഗേഡ്**: ഇറ്റാലിയൻ ക്രിസ്ത്യൻ ഡെമോക്രസി പാർട്ടിയുടെ പ്രധാനമന്ത്രിയായിരുന്ന ആൽദോ മോറോയെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തീവ്രവാദ ഗ്രൂപ്പായ റെഡ് ബ്രിഗേഡ് 1978 മാർച്ച് 16ന് തട്ടിക്കൊണ്ടുപോവുകയും 54 ദിവസത്തെ തടങ്കലിന് ശേഷം കൊലപ്പെടുത്തുകയും ചെയ്തു.

**2. മില്ലേനറിയനിസം:** നിലവിലുള്ളതെല്ലാം മാറ്റപ്പെട്ട് പുതിയൊരു ലോകസമൂഹം ഉണ്ടാകുമെന്ന മത-രഷ്ട്രീയ-സാമൂഹിക പ്രസ്ഥാനങ്ങളുടെയോ വിഭാഗങ്ങളുടെയോ വിശ്വാസം.

**3. മുസ്‌ലിം ലൂതറാനിസം**: യൂറോപ്പിൽ ഇസ്‌ലാമിന്റെ പുതിയ ആവിഷ്കാരങ്ങൾക്ക് വേണ്ടി ശ്രമിക്കുന്ന മുസ്‌ലിം ബുദ്ധിജീവികളെയാണ് മുസ്‌ലിം ലൂതറുകൾ എന്ന് വിളിക്കുന്നത്. ഉദാഹരണത്തിന് താരിഖ് റമദാന്റെ പുതിയ പുസ്തകത്തിന്റെ പരസ്യം തന്നെ മുസ്‌ലിം മാർട്ടിൻ ലൂതർ എന്ന വിശേഷണത്തോടെയായിരുന്നു. നവോത്ഥാന(renaissance) കാലത്തുണ്ടായ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിന്റെ അമരക്കാരിലൊരാളായ മാർട്ടിൻ ലൂതറുമായി ബന്ധപ്പെടുത്തിയാണ് ഈ പേർ കടന്നുവരുന്നത്. ഇസ്‌ലാമിക പരിഷ്കരണ സംരംഭങ്ങളെ ക്രിസ്തീയ മതപരിഷ്കരണങ്ങളുടെ അതേ അളവുകോലുകളിൽ കാണുമ്പോഴാണ് മുസ്‌ലിം മാർട്ടിൻ ലൂതറെന്ന പ്രയോഗം രൂപപ്പെടുന്നത്. എന്നാൽ സബാ മഹ്മൂദിനെപ്പോലുള്ളവർ ഇതിനെ അംഗീകരിക്കുന്നില്ല, കാരണം ഇസ്‌ലാമിക ചിന്ത എന്നത് ക്രിസ്ത്യാനിറ്റിയുടെയോ അതിന്റെ തന്നെ വികാസമായ ലിബറലിസത്തിന്റെയോ തുടർച്ചയോ പ്രതിബിംബമോ അല്ല. ഇസ്‌ലാമിക ചിന്തക്ക് അതിന്റേതായ നൈതിക, രാഷ്ട്രീയ പ്രതലമുണ്ട്. ഇങ്ങനെ ഇസ്‌ലാമിനെ ലിബറൽ ഫ്രെയിമിലൂടെ കാണുന്നത് ഇസ്‌ലാമിന്റെ സവിശേഷതയെ ലിബറൽ അധീശത്വം തകർക്കുന്നതിന് തുല്യമാണെന്ന സബാ മഹ്മൂദിനെപ്പോലെ ലിബറലിസത്തെ വിമർശനാത്മകമായി സമീപിക്കുന്ന ചിന്തകർ പറയുന്നു. ഇസ്‌ലാമിക ചിന്തകൾ രൂപപ്പെട്ടത് അതിന്റെ തന്നെ സവിശേഷമായ ഗുണങ്ങളിൽ നിന്നാണെന്നും യൂറോപ്പിന്റെ ശരിതെറ്റുകൾക്കനുസരിച്ചല്ല എന്നും ഇവർ വാദിക്കുന്നു.